# SSLC Model Question Paper March - 2021

Malayalam-Paper_II

Time :1 1/2 മണിക്കൂർ    Total score_ 40

---

പൊതു നിർദ്ദേശങ്ങൾ

- ആദ്യത്തെ 20 മിനുട്ട് സമാശ്വാസ സമയമാണ്.ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ച് മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1 മുതൽ 6 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം മാത്രം തെരഞ്ഞെടുത്ത് എഴുതുക.(6x1=6)

1. "....................കണ്ണുകൾ കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്."
അമ്മയുടെ ഏതവസ്ഥയെയാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്?

- മകനോടുള്ള വാത്സല്യത്തെ.
- വാർധക്യത്തിന്റെ തീവ്രതയെ
- കണ്ണുകളുടെ സൗന്ദര്യത്തെ
- കണ്ണിന് ബാധിച്ച അസുഖത്തെ

2. ഏതു മുറങ്ങാതെമ്പാടും വയ
ലേലകൾ തോറും നടുവിൽ പൊൽക്കാഴി
യെരിയും വെള്ളിത്താലമെടുത്ത്...... ഇവിടെ ആരെയാണ്, ഓണത്തെ വരവേൽക്കുന്നതിനു അണിഞ്ഞൊരുങ്ങി നിൽക്കുന്നതായി  കവി കൽപ്പിച്ചിരിക്കുന്നത്?

- തുമ്പ.
- മുക്കുറ്റി.
- നെയ്യാമ്പൽ.
- ഉഷസ്സ്

3., " എന്നാൽ <u>കൊതിയസമാജം</u> കൂടിയിരുന്നത് ഞങ്ങളുടെ വക മുല്ലശ്ശേരിയിൽ പറമ്പിന്റെ അതിരിൽ നിന്ന ശർക്കരമാവിന്റെ കീഴിലായിരുന്നു". അടിവരയിട്ട ഭാഗത്തിന്റെ വിഗ്രഹ രൂപമേത്?

- കൊതിയരുടെ സമാജം.
- കൊതിയന്മാർ സമാജങ്ങൾ.
- കൊതിയരും സമാജവും.
- കൊതിയുള്ള സമാജങ്ങൾ

4. " .................... ഇല്ലച്ചമ്മേ. ഒന്നും കേക്കില്ല. ടീവിന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ ".



SURESH AREEKODE

വരികളിലെ സൂചനയെന്ത്?

- നഗരത്തിലെ ജീവിതം വളരെ സുഖമാണ്.
- ഗ്രാമം മാത്രമേ ജീവിക്കാൻ അനുയോജ്യമായുള്ളൂ.
- നഗരത്തിൽ ടി.വി.യുണ്ട്.
- ഗ്രാമ,നഗര ജീവിതത്തിൽ വ്യത്യാസങ്ങളുണ്ട്.

5. "എന്തിനായിത് ? നാഴി അരി അല്ല്യോ മച്ചൊള്ളു. നീ കുടി." ഈ വരികളിൽ തെളിയുന്ന ഭാവം എന്ത്?

- അസൂയ.
- സന്തോഷം.
- സ്നേഹം.
- പരിഹാസം

6. "ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്ത് ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു."- വരികളിലെ ശരിയായ അർത്ഥ സൂചന കണ്ടെത്തുക?

- കോഴിയിറച്ചി തിന്ന് മത്തായിക്ക് സുഖമില്ലാതായി.
- പൂവൻക്കോഴിയെ വെച്ച് എന്തെല്ലാം പ്രശ്നങ്ങളുണ്ടാക്കാമെന്ന് ചിന്തിച്ചു.
- രാത്രിയിൽ കോഴി മത്തായിയുടെ  വീട്ടിൽ ശല്യമുണ്ടാക്കി.
- പൂവൻക്കോഴിയെ വിട്ട് അയൽക്കാർക്ക് ശല്യമുണ്ടാക്കി.

**7 മുതൽ 11 വരെ ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ മാത്രം ഉത്തരം എഴുതുക. (സ്കോർ 5x2 =10)**

7. "പിൻസീറ്റിലെത്രയ്ക്കു നേരെയിരുത്തീട്ടു
മോരം ചരിഞ്ഞു മടങ്ങിയിരുന്നമ്മ" -ഇവിടെ 'പിൻസീറ്റ് 'എന്ന പ്രയോഗം കാവ്യഭാഗത്തിന് നൽകുന്ന ഭംഗി കണ്ടെത്തി എഴുതുക.?

8. താഴെ തന്നിരിക്കുന്നവയ്ക്ക് ഉചിതമായ ഒറ്റപ്പദം എഴുതുക.?

ഉദാ: ക്ഷമിക്കാനാവാത്തത് - അക്ഷന്തവ്യം

- നെല്ലിന്റെ കുല -
- ദീർഘകാലമായുള്ള ബന്ധു -

9." കൊച്ചുചക്കരച്ചി നേരുള്ള മാവാണ്. അവൾ ദോഷം വരുത്തിയില്ല ". അമ്മയുടെ ഈ വിശ്വാസത്തിനു പിന്നിലെ മനോഭാവം എന്താവാം?

10. രണ്ടു വാക്യങ്ങളാക്കി മാറ്റി എഴുതുക

- അയാളുടെ ഗർഭിണിയായിരുന്ന ആനയെയാണ് അവർ തോട്ടപൊട്ടിച്ച് കൊന്നത്.

11. അങ്ങനെ മുകളിൽ നിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു.മാർക്കോസിനെയും മത്തായിയേയും കുറിച്ച് ഇങ്ങനെ പറയാൻ കാരണമെന്ത്?

**12 മുതൽ 21 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**(10x4==40)

SURESH AREEKODE

12. "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കാം, മടങ്ങാതെ
വയ്യ, തലയ്ക്കകത്തെന്തോ പെരുക്കുന്നു.- 'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ മകൻ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ ഈ വരികളിൽ പ്രകടമാണോ. വിശകലനക്കുറിച്ച് തയ്യാറാക്കുക?

13. "എന്തു പ്രലോഭനവും ഉപയോഗിക്കാൻ തയ്യാറായി ആളുകൾ വന്നെങ്കിലും പണത്തിനു മുട്ടുണ്ടായിരുന്നെങ്കിലും അവരെല്ലാം തുരത്തപ്പെട്ടു."
-പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആരോഗ്യകരമായ പരസ്പരാശ്രിതത്വത്തിന്റെ ചിത്രമാണോ, 'കൊച്ചുചക്കരച്ചിയിൽ' വ്യക്തമാക്കുന്നത്. വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക?

14. "ബാലമണ്ഡലം" , ചാക്കുണ്ണി മെല്ലിച്ച ഒച്ചയിൽ പറഞ്ഞു: "ഞായറാഴ്ച രാവിലെ അതാ സ്പെഷല് ."
"കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്യ .നമ്മടെ നല്ല കാലത്ത് അവറ്റെയൊക്കെ നല്ല പെട പെടച്ചിട്ടാ ഞാൻ വളർത്തീരിക്കണത് ." മക്കളുമായി ബന്ധപ്പെട്ട് ചാക്കുണ്ണിയും മത്തായിയും വെച്ചു പുലർത്തുന്ന കാഴ്ചപ്പാടുകൾ താരതമ്യം ചെയ്യുക.?

15. "ഏന് മേണ്ട"
"എന്നാല് ഏനും കുടിക്കത്തില്ല"
"ഏന് മയറ്റില് ഒരു കമ്പിതമെടി" - വാമൊഴി തനിമയാണ് പ്ലാവിലക്കഞ്ഞി എന്ന നോവൽ ഭാഗത്തെ ആകർഷകമാക്കുന്നത്. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തിക്കുറിക്കുക.?

16. " ഇവിടെ അമ്മയെ തനിച്ച് നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ."
"അതോർത്ത് ഞ്ഞ് വിഷമിക്കണ്ട. ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്ക് തോന്നീട്ടില്ല" - 'ഓരോ വിളിയും കാത്ത് ' എന്ന കഥയിലെ അമ്മയുടെ സ്വഭാവസവിശേഷതകൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.?

17. "നെല്ലില്ല പിശാശുക്കള്. നെല്ല് കൊണ്ടു ചെന്നു വല്ല പീടികയിലും പെട്ട വിലയ്ക്ക് വിൽക്കാനാണ്." - 'പ്ലാവിലക്കഞ്ഞി' എന്ന നോവൽ ഭാഗത്ത് ചർച്ച ചെയ്യുന്ന സാമൂഹ്യാവസ്ഥകൾ കണ്ടെത്തി ലഘുകുറിപ്പ് എഴുതുക.?

18. നഗരജീവിതത്തിലേയ്ക്ക് ചേക്കേറേണ്ടി വരുമ്പോഴും അമ്മ കെടാവിളക്കായി കവിയുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. _ 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതാ ഭാഗത്തു നിന്നും സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക?

19. "പെറ്റു കിടക്കും തെരുവുപട്ടിയ്ക്കെന്തൊ രുറ്റം കുരച്ചത് ചാടിക്കുതിക്കുന്നു." - മാതൃത്വത്തിന്റെ വിരുദ്ധ ഭാവങ്ങളുടെ അവതരണം കാവ്യഭാഗത്തെ എങ്ങനെയെല്ലാം ആസ്വാദ്യമാക്കുന്നു?

20. 'പ്ലാവിലക്കഞ്ഞി' എന്ന നോവൽ ഭാഗത്തിന് ആ തലക്കെട്ട് ഉചിതമാണോ? പാഠ സന്ദർഭങ്ങൾ വിശകലനം ചെയ്ത് തലക്കെട്ടിന്റെ ഔചിത്യം പരിശോധിക്കുക.?

21. അമ്മയെ തെരുവിലുപേക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ട മകന്റെ ഓർമകളുടെ അവതരണം ' അമ്മത്തൊട്ടിൽ' എന്ന കവിതയെ കൂടുതൽ ആസ്വാദ്യമാക്കുന്നുണ്ടോ? മകന്റെ ഓർമകൾ

SURESH AREEKODE

കണ്ടെത്തി നിരീക്ഷണക്കുറിപ്പ് എഴുതുക.?

**22 മുതൽ 25 വരെ ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.(4x6=24)**

22. "ഇവിടെ അമ്മയെ തനിച്ച് നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ " - (മകൻ - ഓരോ വിളിയും കാത്ത്)

"അപ്പന് ഒരു നേരമെങ്കിലും നിറച്ച് ചോറു കൊടുക്കണം.അതുമാത്രമാണ് അവന്റെ ആഗ്രഹം - (കോരൻ -പ്ലാവിലക്കഞ്ഞി.)

-അമ്മയെ തനിച്ചാക്കി പോകേണ്ടി വരുന്ന മകന്റെയും അപ്പനെ തനിച്ചാക്കി പോന്ന മകന്റെയും ആത്മസംഘർഷങ്ങൾ ഇരു രചനകളെയും ഹൃദയസ്പർശിയാക്കുന്നു. സമർഥിക്കുക.?

23. "ബയണറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ് "- നെപ്പോളിയൻ

" നല്ല പത്രം വായിക്കാമെന്ന് വെച്ച് ചീത്ത പത്രം നിർത്തുന്നവൻ വിഡ്ഢിയാക്കപ്പെടുന്നു"

-സുകുമാർ അഴീക്കോട് - പത്രനീതി

'പത്രങ്ങൾ ജനാധിപത്യത്തിന്റെ ജിഹ്വ (നാവ്)' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.?

24. "നിലാവു പെയ്യുന്ന നാട്ടുവഴിയിൽ നന്മകൾ അസ്തമിച്ചിട്ടില്ല."-- 'കൊച്ചുചക്കരച്ചി' , 'ഓരോ വിളിയും കാത്ത് ' എന്നീ പാഠങ്ങളിലെ അമ്മമാരുടെ കാഴ്ചപ്പാടുകൾ ഉൾപ്പെടുത്തി സ്വാഭിപ്രായക്കുറിപ്പ് തയാറാക്കുക?

25. മഴ കൊണ്ടാലും പാവം തുമ്പകൾ
മലരിൻ കുട നിറച്ച്...... ( ഓണമുറ്റത്ത് - വൈലോപ്പിള്ളി ശ്രീധരമേനോൻ).

"ഓണക്കാലത്ത് മഹാബലി മന്നനെ വരവേൽക്കാൻ, മലയാളി മാത്രമല്ല പ്രകൃതിയും അണിഞ്ഞൊരുങ്ങി നിൽക്കുന്നു". 'ഓണമുറ്റത്ത് 'എന്ന കവിതയെ അടിസ്ഥാനമാക്കി പ്രസ്താവന വിലയിരുത്തുക.?

---

Prepared by :suresh Areekode,HST,Ghss Areekode,Malappuram,PH:9562521509
*Visit my youtube: mukulam malayalam for focused VIDEO lessons,PDF Notes,Question answer discussions,focused area question pools.*

SURESH AREEKODE